**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്– തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗം വാദിയ്ക്കുന്ന അഡ്വക്കേറ്റിന് 2003-ലെ പഞ്ചായത്ത് രാജ് ചട്ടം 4(2) അനുസരിച്ച് 35,310/- രൂപ അധിക ഫീസ് നൽകുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).1903/13/തസ്വഭവ                    തീയതി, തിരുവനന്തപുരം, 18.07.2013

==========================================================================

പരാമർശം:– ഗ്രാമവികസന കമ്മീഷണറുടെ 24.05.2013–ലെ 8371/ഡി.പി.4/13/സി.ആർ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റൽ ഓപ്പറേഷൻ തീയേറ്റർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കേസിൽ തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗം വാദിക്കുന്ന അഡ്വക്കേറ്റ് എം.കെ.മൂസക്കുട്ടിയ്ക്ക് വക്കീൽ ഫീസിനത്തിൽ 35,310/- രൂപ കൂടി അനുവദിയ്ക്കേണ്ടതുണ്ടെന്നും 2003–ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 4(2) അനുസരിച്ച് സങ്കീർണ്ണ നിയമ പ്രശ്നങ്ങൾ ഉള്ള കേസുകളിൽ 1500/- രൂപ എന്ന പരിധിയിൽ കവിഞ്ഞ പ്രതിഫലം നൽകുന്നതിന് സർക്കാരിന്റെ അനുമതി ആവശ്യമായതിനാൽ ടി കേസ് സങ്കീർണ്ണ നിയമ പ്രശ്നങ്ങൾ ഉള്ള കേസായി പരിഗണിച്ച് വക്കീൽ ഫീസിനത്തിൽ അധികമായി നൽകേണ്ട 35,310/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരൂരങ്ങാടി താലൂക്ക് ഹോസ്പിറ്റലുമായി ബന്ധപ്പെട്ട കേസിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗം വാദിക്കുന്ന അഡ്വക്കേറ്റിന് 2003-ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 4(2) അനുസരിച്ച് 35,310/- രൂപ അധിക ഫീസ് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.പി.ചന്ദ്രപ്രകാശ്,

അഡീഷണൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പാഞ്ചായത്ത്, തിരൂരങ്ങാടി.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ